Gazette No. 29 dated 16th July 1957.
PART II

പരസ്യം.

നമ്പർ എൽ. എ. 4–885/57.

തിരുവനന്തപുരം, 1957 ജൂലായി 7–ാംനു.

അസംബ്ലിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73–ാം ചട്ടപ്രകാരം, താഴെ പറയുന്ന ബിൽ, ഉദ്ദേശകാരണ വിവരണവും, സാമ്പത്തികക്കുറിപ്പും സഹിതം, സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

വി. കുഞ്ഞുണ്ണി,
സെക്രട്ടറി,
ലെജിസ്ലേറ്റീവ് അസംബ്ലി.

ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

(1957–ലെ 14–ാം നമ്പർ എൽ. എ. ബിൽ.)

1957–ലെ, കേരള വിദ്യാഭ്യാസബിൽ.

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മെച്ചമായ സംഘടനത്തിനും, പരിപോഷണത്തിനും വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ.

പീഠിക:—സംസ്ഥാനത്തൊട്ടാകെ വിവിധവും സമഗ്രവുമായ വിദ്യാഭ്യാസരീതി ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിപോഷണത്തിനും മെച്ചമായ സംഘടനത്തിനും വ്യവസ്ഥ ചെയ്യുന്നത് ആവശ്യമാണെന്നു കരുതുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

ഭാഗം I

സാമാന്യം.

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്റ്റിനു 1957–ലെ, കേരള വിദ്യാഭ്യാസ ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിനു കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഗസറ്റിൽ വിജ്ഞാപനംവഴി ഗവൺമെന്റ് പ്രഖ്യാപിക്കുന്ന തീയതി ഇതു പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിനു മറ്റു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

(1) "സഹായിക്കപ്പെട്ട വിദ്യാലയം" (എയ്ഡഡ് സ്കൂൾ) എന്നതിനു ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതും, ഗവൺമെന്റിൽ നിന്നു സഹായധനം ലഭിക്കുന്നതുമായ സ്വകാര്യവിദ്യാലയം എന്നർത്ഥമാകുന്നു;

(2) "വിദ്യാഭ്യാസ ഏജൻസി" എന്നതിന്ന് ഈ ആക്റ്റ പ്രകാരം ഏതെങ്കിലും സഹായ്യിത വിദ്യാലയം സ്ഥാപിക്കുകയും, നടത്തുകയും ചെയ്യുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യക്തി അഥവാ വ്യക്തികളുടെ സംഘം എന്നർത്ഥമാകുന്നു;

(3) "നിലവിലുള്ള വിദ്യാലയം" എന്നതിന്ന് ഈ ആക്റ്റ നടപ്പിൽ വരുന്നതിന്നുമുമ്പ് സ്ഥാപിക്കപ്പെട്ടതും, അങ്ങിനെ നടപ്പായി വരുന്ന സമയത്ത് അപ്രകാരം തുടർന്നു പ്രവർത്തിക്കുന്നതുമായ ഏതെങ്കിലും സഹായ്യിത വിദ്യാലയം അല്ലെങ്കിൽ അംഗീകൃത വിദ്യാലയം, അല്ലെങ്കിൽ സർക്കാർ വിദ്യാലയം എന്നർത്ഥമാകുന്നു.

(4) "പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനം" എന്നതിന്ന് 18-ാം വകുപ്പ് പ്രകാരം ഗവണ്മെന്റിനാൽ സംവിധാനിതമായ അധികൃതസ്ഥാനം എന്നർത്ഥമാകുന്നു.

(5) "നിർണ്ണയിക്കപ്പെട്ട" എന്നതിന്ന് ഈ ആക്റ്റ പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(6) "സ്വകാര്യവിദ്യാലയം" എന്നതിന്ന് സഹായ്യിതമോ അംഗീകൃതമോ ആയ ഒരു വിദ്യാലയം എന്നർത്ഥമാകുന്നു;

(7) "അംഗീകൃത വിദ്യാലയം" എന്നതിന്ന് ഈ ആക്റ്റും, അതുപ്രകാരമുണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ളതും, ഒരു സഹായ്യിത വിദ്യാലയം അല്ലാത്തതുമായ സ്വകാര്യവിദ്യാലയം എന്നർത്ഥമാകുന്നു;

(8) "വിദ്യാലയം" എന്നതിൽ, വിദ്യാലയം സ്ഥിതി ചെയ്യുന്ന ഭൂമിയും അതിന്റെ കെട്ടിടങ്ങളും, അതോടു ചേർന്നതോ, അതിന്നു സംബന്ധിച്ചതോ ആയ വിഹാരസ്ഥലങ്ങളും, ഛാത്രാവാസങ്ങളും (ഹോസ്റ്റലുകളും), മറ്റു നിവാസഗൃഹങ്ങളും, കൂടാതെ വിദ്യാലയത്തോടു ചേർന്ന ഉപസ്കരങ്ങളും, പുസ്തകങ്ങളും, ഉപകരണങ്ങളും, രൂപങ്ങളും, സജ്ജീകരണങ്ങളും മുതലായ ജംഗമവസ്തുക്കളും ഉൾപ്പെടുന്നതാകുന്നു.

(9) "സംസ്ഥാനം" എന്നതിന്ന് കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. വിദ്യാലയങ്ങളുടെ സ്ഥാപനവും, സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും:—(1) സാമാന്യ വിദ്യാഭ്യാസം, പ്രത്യേക വിദ്യാഭ്യാസം എന്നിവയ്ക്കും, അദ്ധ്യാപകരുടെ പരിശീലനത്തിന്നും സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന്ന് ആവശ്യകമോ, യുക്തമോ ആണെന്ന് തങ്ങൾക്കു തോന്നുന്ന നടപടികൾ, ഗവണ്മെന്റ് അതതു സമയം കൈക്കൊള്ളുന്നതാണ്.

(2) അങ്ങനെയുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന്നായി ഗവണ്മെന്റിന്ന്,—

(എ) വിദ്യാലയങ്ങൾ സ്ഥാപിക്കുകയും, നടത്തുകയും ചെയ്യുകയോ,

(ബി) സഹായ്യിത വിദ്യാലയങ്ങൾ സ്ഥാപിക്കുകയും, നടത്തുകയും ചെയ്യുവാൻ ഏതെങ്കിലും വിദ്യാഭ്യാസ ഏജൻസിക്ക് അനുവാദം നൽകുകയോ;

(സി) മററു വല്ല ഏജൻസിയും സ്ഥാപിച്ച് നടത്തപ്പെടുന്ന വല്ല വിദ്യാലയത്തിനും അംഗീകാരം നൽകുകയോ ചെയ്യാവുന്നതാണ്.

(3) നിലവിലുള്ള എല്ലാ വിദ്യാലയങ്ങളും ഈ ആക്ടും, ഈ പ്രകാരമുണ്ടാക്കപ്പെട്ട ചട്ടങ്ങളും അനുസരിച്ച് സ്ഥാപിതമായിട്ടുള്ളവയാണെന്ന് കരുതപ്പെടുന്നതാണ്.

(4) ഈ ആക്ട് നടപ്പിൽ വന്നതിനുശേഷം, ഒരു പുതിയ വിദ്യാലയം സ്ഥാപിക്കുകയോ, ഏതെങ്കിലും സ്വകാര്യ വിദ്യാലയത്തിൽ ഉയർന്ന ക്ലാസ്സ് തുറക്കുകയോ ചെയ്യുന്നത്, ഈ ആക്ടിലെ വ്യവസ്ഥകൾക്കും, ആക്ട് പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായിട്ടായിരിക്കേണ്ടതും, അങ്ങനെയുള്ള വ്യവസ്ഥകളനുസരിച്ചല്ലാതെ സ്ഥാപിക്കുകയോ, ആരംഭിക്കുകയോ ചെയ്യു ഏതൊരു വിദ്യാലയത്തിനും അഥവാ ഉയർന്ന ക്ലാസ്സിനും ഗവൺമെൻറിൻെറ അംഗീകാരത്തിന് അർഹത ഇല്ലാതിരിക്കുന്നതുമാകുന്നു.

(5) ഗവൺമെൻറിന് വിദ്യാലയങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസ ഘട്ടവും, മററു വിദ്യാഭ്യാസ ഘട്ടങ്ങളും, പഠനക്രമങ്ങളും വിനിയമം ചെയ്യാവുന്നതാണ്.

4. സംസ്ഥാന വിദ്യാഭ്യാസോപദേശക ബോർഡ്.—(1) വിദ്യാഭ്യാസനയവും വിദ്യാഭ്യാസഭരണത്തിൻെറ [illegible]യും സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവൺമെൻറിനെ ഉപദേശിക്കുവാൻ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു സംസ്ഥാന വിദ്യാഭ്യാസോപദേശക ബോർഡ്, ഗവൺമെൻറിന് ഗസററിൽ വിജ്ഞാപനംമൂലം, സംവിധാനം ചെയ്യാവുന്നതാണ്.

(2) പതിനഞ്ചിൽ കവിയാതെ അംഗങ്ങൾ ബോർഡിലുണ്ടായിരിക്കേണ്ടതാണ്.

(3) ബോർഡിൽ അംഗങ്ങളായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകളും, ബോർഡിൻെറ യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമവും, എന്നല്ല ബോർഡിൻെറ സമുചിത പ്രവർത്തനത്തിന് പ്രസക്തവും സഹായകവുമായ എല്ലാ കാര്യങ്ങളും ഗവൺമെൻറിന് നിർണ്ണയിക്കാവുന്നതാണ്.

5. വിദ്യാഭ്യാസ ഏജൻസികൾ സ്ഥാപിക്കുകയും, നടത്തുകയും ചെയ്യുന്ന സഹായിത വിദ്യാലയങ്ങൾ.—തല്ക്കാലം ഊർജ്ജിതത്തിലിരിക്കുന്ന മററു വല്ല നിയമത്തിലോ, കരാറിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, സഹായിതവിദ്യാലയങ്ങൾ സ്ഥാപിക്കുകയും, നടത്തുകയും, നിലനിർത്തുകയും ചെയ്യുന്നതിനെ, അതനുസരണം ഗവൺമെൻറ് വിനിയമം ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

6. വസ്തുവകകളുടെ ലിസ്റ്റ് മാനേജർ നൽകേണ്ടതാണ്.—(1) ഈ ആക്ട് നടപ്പിലായി മൂന്നു മാസത്തിനുള്ളിലോ, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം ഗവൺമെൻറ് അനുവദിക്കുന്ന കൂടുതൽ കാലയളവിനുള്ളിലോ, ഓരോ സഹായിത വിദ്യാലയത്തിൻെറയും

മാനേജർ വിദ്യാലയത്തോടു ചേർന്നതോ, അതിനു സംബന്ധിക്കുന്നതോ ആയ എല്ലാ സ്ഥാവരജംഗമവസ്തുക്കളുടേയും ലിസ്റ്റ് അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ്, നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങൾ സഹിതം, നിർണ്ണയിക്കപ്പെടാവുന്ന അധികൃതസ്ഥാനത്തിന് സമർപ്പിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം സ്റ്റേറ്റുമെൻറ് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഏതൊരാളും, കുററസ്ഥാപനത്തിന്മേൽ ഇരുനൂറു രൂപയിൽ കവിയാത്ത പിഴശിക്ഷയ്ക്കും, അങ്ങനെയുള്ള കുററസ്ഥാപനത്തിനുശേഷം ഒരു മാസത്തിലധികം വീഴ്ച തുടരുന്നതായാൽ, അപ്രകാരം വീഴ്ച തുടരുന്ന ഓരോ ആഴ്ചയ്ക്കും അഥവാ അതിൻെറ ഭാഗത്തിനും നൂറു രൂപയോളം വരാവുന്ന കൂടുതൽ പിഴശിക്ഷയ്ക്കും വിധേയനാകുന്നതാണ്.

(3) സാരമായ വല്ല വിവരവും സംബന്ധിച്ചിടത്തോളം സത്യവിരുദ്ധമോ, തെററോ ആയ ഒരു സ്റ്റേറ്റുമെൻറ് (1)-ാം ഉപവകുപ്പുപ്രകാരം സമർപ്പിക്കുന്ന ഏതൊരാളും, കുററസ്ഥാപനമായാൽ ഒരു വർഷത്തോളം വരാവുന്ന കാലത്തേയ്ക്കുള്ള തടവോ, ആയിരം രൂപയോളം വരാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ ലഭിക്കേണ്ടതാകുന്നു.

7. വിദ്യാലയം അന്യാധീനപ്പെടുത്തുന്നതു സംബന്ധിച്ചുള്ള നിയന്ത്രണം.—(1) തല്ക്കാലം പ്രാബല്യത്തിലുള്ള വല്ല നിയമത്തിലും വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സഹായിത വിദ്യാലയത്തോടു ചേർന്നതോ, സംബന്ധിച്ചതോ ആയ വല്ല വസ്തുവകകളുടേയും കാര്യത്തിൽ യാതൊരു വില്പനയും, പണയവും, പാട്ടച്ചാർത്തും, ഈടും, ബാദ്ധ്യതയും അല്ലെങ്കിൽ കൈവശാവകാശമാററവും, ഗവണ്മെൻറ് ഈ ആവശ്യത്തിന് അധികാരപ്പെടുത്താവുന്ന അധികാരസ്ഥാനത്തിൻെറ രേഖാമൂലമുള്ള അനുവാദത്തോടുകൂടിയല്ലാതെ നടത്തുകയോ, ഉണ്ടാക്കുകയോ ചെയ്യപ്പെടാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം അനുവാദം നിഷേധിക്കുകയോ, നൽകുകയോ ചെയ്തുകൊണ്ടുള്ള അധികൃതാധികാരസ്ഥാനത്തിൻെറ ഉത്തരവിന്മേൽ പരാതിയുള്ള ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും, സമയത്തിനുള്ളിലും ഗവണ്മെൻറിന് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ആ അപ്പീലിന്മേലുള്ള ഗവണ്മെൻറുത്തരവ് അവസാനത്തേതായിരിക്കും.

(3) (1)-ാം ഉപവകുപ്പിനോ, (2)-ാം ഉപവകുപ്പിനോ വിരുദ്ധമായി ചെയ്യുന്ന ഏതൊരിടപാടും അസാധുവും നിഷ്ഫലവും ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പോ, (2)-ാം ഉപവകുപ്പോ ലംഘിച്ചുകൊണ്ടു പ്രവർത്തിക്കുന്ന ഏതൊരാളും കുററസ്ഥാപനമായാൽ, ആറു മാസത്തോളം വരാവുന്ന കാലത്തേയ്ക്കു തടവുശിക്ഷയ്ക്കോ, ആയിരം രൂപയോളം വരാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ വിധേയനാകുന്നതാണ്.

8. വിദ്യാലയങ്ങളിലെ മാനേജർമാർ.—(1) ഏതൊരു വിദ്യാഭ്യാസ ഏജൻസിക്കും ഈ ആക്ററ്പ്രകാരം ഒരു സഹായിത വിദ്യാലയ

ത്തിന്റെ മാനേജരായി ഏതെങ്കിലുമൊരാളെയും, ഈ ആവശ്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തിനു വിധേയമായി, നിയമിക്കാവുന്നതാണ്.

(2) ഈ ആക്ടിലെ വ്യവസ്ഥകളും, ആക്ട് പ്രകാരമുണ്ടാക്കിയ ചട്ടങ്ങളും അനുസരിച്ചും, നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥൻ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായും വിദ്യാലയം നടത്തുവാൻ മാനേജർ ഉത്തരവാദിയായിരിക്കുന്നതാണ്.

(3) വിദ്യാലയംവക വസ്തുവകകൾ മാനേജരുടെ അധീനത്തിലും നിയന്ത്രണത്തിലുമായിരിക്കേണ്ടതും, അവ സമുചിതവും ഭദ്രവുമായ സ്ഥിതിയിൽ വെച്ചുപോരുന്നതിന് അദ്ദേഹം ഉത്തരവാദിയായിരിക്കുന്നതുമാകുന്നു.

(4) അതതു സമയം പുറപ്പെടുവിക്കപ്പെടുന്ന ചട്ടങ്ങളും, ഉത്തരവുകളും, നിർദ്ദേശങ്ങളുമനുസരിച്ച് വിദ്യാലയത്തിലെ റിക്കാർഡുകൾ ശരിയായും ഉചിതമായും വെച്ചുപോരുന്നത് മാനേജരുടെ കർത്തവ്യമായിരിക്കുന്നതാണ്.

(5) ഈ ആക്ടിലെ വ്യവസ്ഥകളും ആക്ട് പ്രകാരമുണ്ടാക്കിയ ചട്ടങ്ങളും അനുസരിച്ച് ഗവണ്മെന്റോ അധികാരപ്പെടുത്തുന്ന മററ് അധികൃതസ്ഥാനമോ പുറപ്പെടുവിക്കുന്ന നിയമാനുസൃതമായ എല്ലാ ഉത്തരവുകളും അനുസരിക്കുവാൻ മാനേജർ ബാദ്ധ്യസ്ഥനായിരിക്കുന്നതും, വിദ്യാലയവും, അതിന്റെ റിക്കാർഡുകളും, കണക്കുകളും ഏതെങ്കിലും ഉദ്യോഗസ്ഥൻ പരിശോധിക്കുന്നതിന് ആവശ്യമായുള്ളതോ യുക്തമായി ആവശ്യപ്പെടാവുന്നതോ ആയ എല്ലാ സഹായവും സൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻകൂടി അദ്ദേഹം ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(6) നിർണ്ണയിക്കപ്പെട്ട വിധത്തിലല്ലാതെ യാതൊരു മാനേജരും യാതൊരു വിദ്യാലയവും അടച്ചിടാൻ പാടില്ലാത്തതാകുന്നു.

(7) വിദ്യാലയം അടച്ചിടുകയോ, പ്രവർത്തനം നിറുത്തിവയ്ക്കുകയോ അല്ലെങ്കിൽ അതിന്റെ അംഗീകാരം പിൻവലിക്കപ്പെടുകയോ ചെയ്യുമ്പോൾ, ഈ ആവശ്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥനെ മാനേജർ വിദ്യാലയത്തിന്റെ എല്ലാ റിക്കാർഡുകളും, കണക്കുകളും ഏല്പിക്കേണ്ടതാകുന്നു.

(8) (5)-ാം ഉപവകുപ്പിലെയോ, (6)-ാം ഉപവകുപ്പിലെയോ, (7)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ഏതെങ്കിലും മാനേജർ ലംഘിക്കുന്നതായാൽ, അദ്ദേഹം, കുററസ്ഥാപനത്തിന്മേൽ, ഇരുനൂറു രൂപയോളം വരാവുന്ന പിഴശിക്ഷയ്ക്കും, അങ്ങനെയുള്ള കുററസ്ഥാപനത്തിനുശേഷം ഒരുമാസത്തിലധികം ലംഘനം തുടരുന്നപക്ഷം, വീണ്ടും തുടരുന്ന ഓരോ ആഴ്ചയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും നൂറു രൂപയോളം വരാവുന്ന കൂടുതൽ പിഴശിക്ഷയ്ക്കും വിധേയനാകുന്നതാണ്.

9. <u>കുററം വിചാരണക്കെടുക്കൽ.</u>—യാതൊരു കോടതിയും 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമോ, (3)-ാം ഉപവകുപ്പ് പ്രകാരമോ അല്ലെങ്കിൽ 7-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമോ, 8-ാം വകുപ്പ്

(8)-ാം ഉപവകുപ്പ് പ്രകാരമോ ശിക്ഷിക്കത്തക്കതായ ഒരു കുറ്റം, ഈ ആവശ്യാർത്ഥം ഗവണ്മെന്റിന്റെ രേഖാമൂലമുള്ള മുന്നനുവാദത്തോടുകൂടിയും അല്ലെങ്കിൽ ഗവണ്മെന്റ് അധികാരപ്പെടുത്താവുന്ന ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥന്മാരുടെയോ പരാതിയിന്മേലും അല്ലാതെ വിചാരണചെയ്യപ്പെടാൻ പാടില്ലാത്തതാകുന്നു.

10. <u>മാനേജരിൽനിന്നു കിട്ടേണ്ട തുകകൾ വസൂലാക്കൽ.</u>— (1) ഗവണ്മെന്റ് നൽകിയ വല്ല സഹായമോ, അനുദാനമോ (ഗ്രാന്റ്) സംബന്ധിച്ചിടത്തോളമുള്ള വല്ല കരാറോ, പദ്ധതിയോ, മറ്റ് ഏർപ്പാടോ അനുസരിച്ച് ഒരു സഹായിത വിദ്യാലയത്തിന്റെ മാനേജരിൽനിന്ന് ഗവണ്മെന്റിന് ഈ ആക്റ്റ് നടപ്പായിവരുന്ന സമയത്ത് കിട്ടേണ്ടതായ ഏതൊരു തുകയും, തൽക്കാലം ഉജ്ജീവത്തിലിരിക്കുന്ന കരം പിരിവു ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭൂനികുതി കുടിശ്ശികയെന്നപോലെ വസൂലാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് നടപ്പായിവരുന്ന സമയത്ത് (1)-ാം ഉപവകുപ്പിൽ പരാമൃഷ്ടമായ വല്ല കരാറോ, പദ്ധതിയോ, മറ്റ് ഏർപ്പാടോ അനുസരിച്ച് വല്ല ശമ്പളമോ, ശമ്പളക്കുടിശ്ശികയോ ബന്ധപ്പെട്ട സഹായിതവിദ്യാലയത്തിന്റെ അദ്ധ്യാപകന് ആ കരാർമൂലമോ, പദ്ധതിയാലോ, ഏർപ്പാടിനാലോ, നിർണ്ണയിക്കപ്പെട്ട തോതനുസരിച്ച് മാനേജർ കൊടുക്കേണ്ടതായി വരുന്നപക്ഷം, ഗവണ്മെന്റ് തൽക്കാലം ഉജ്ജീവത്തിലിരിക്കുന്ന കരം പിരിവ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭൂനികുതി കുടിശ്ശികയെന്നപോലെ അങ്ങനെയുള്ള ശമ്പളമോ, ശമ്പളക്കുടിശ്ശികയോ വസൂലാക്കുകയും, ആ ശമ്പളമോ, ശമ്പളക്കുടിശ്ശികയോ ആ അദ്ധ്യാപകന് കൊടുക്കുകയും, ചെയ്യുന്നതു നിയമാനുസൃതമായിരിക്കുന്നതാണ്.

(3) ഈ ആക്റ്റ് നടപ്പിൽവന്നതിനു ശേഷം ഒരു സഹായിതവിദ്യാലയത്തിലെ വിദ്യാർത്ഥികളിൽനിന്ന് പിരിക്കുന്ന എല്ലാ ഫീസുകളും മറ്റു സംഖ്യകളും, അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന വിധമുള്ള അവയുടെ ഓഹരി, ഏതെങ്കിലും കരാറിലോ പദ്ധതിയിലോ, ഏർപ്പാടിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ഗവണ്മെന്റിൽ അടയ്ക്കേണ്ടതാകുന്നു.

11. <u>സഹായിത വിദ്യാലയങ്ങൾക്കുള്ള അനുദാനങ്ങൾ.</u>— (1) സഹായിത വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകന്മാരുടേയും ശമ്പളം നേരിട്ടോ, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലോ ഗവണ്മെന്റ് കൊടുക്കേണ്ടതാകുന്നു.

(2) അതതു സമയം നിശ്ചയിക്കാവുന്ന നിരക്കുകളിലുള്ള സംരക്ഷണാനുദാനം (മെയിന്റനൻസ് ഗ്രാന്റ്) മാനേജർക്ക് ഗവണ്മെന്റിൽനിന്നു കൊടുക്കാവുന്നതാകുന്നു.

(3) ഒരു സഹായിതവിദ്യാലയത്തിന്റെ വല്ല ഭൂമിയോ, കെട്ടിടമോ, സജ്ജീകരണമോ വാങ്ങുകയും ഉൽക്കർഷപ്പെടുത്തുകയും കേടുപാട തീർക്കുകയും ചെയ്യുന്നതിന് ഗവണ്മെന്റ് സഹായധനം നൽകാവുന്നതാണ്.

12. <u>അദ്ധ്യാപക സ്റ്റേററ് രജിസ്റ്റർ</u>—(1) ഗവണ്മെന്റ് ഒരു സ്റ്റേററ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, അദ്ധ്യാപകരായി നിയമിക്കപ്പെടാൻ അർഹതയുള്ളവരുടെ പേര് അതിൽ രജിസ്റ്റർ ചെയ്യേണ്ടതും ആകുന്നു.

(2) നിലവിലുള്ള വിദ്യാലയങ്ങളിൽ അദ്ധ്യാപകരായി ജോലി നോക്കിവരുന്ന എല്ലാ പേരെയും സ്റ്റേററ് രജിസ്റ്ററിൽ രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണ്.

(3) സ്റ്റേററ് രജിസ്റ്ററിൽ അദ്ധ്യാപകരായി രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യം വേണ്ടുന്ന യോഗ്യതകളും, അതിനുള്ള നടപടിക്രമവും ഗവണ്മെന്റിനു നിർണ്ണയിക്കാവുന്നതാകുന്നു.

(4) സ്റ്റേററ് രജിസ്റ്റർ നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥൻ, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ സൂക്ഷിച്ചുപോരേണ്ടതാകുന്നു.

(5) സ്റ്റേററ് രജിസ്റ്ററിൽ, രജിസ്റ്റർ ചെയ്യപ്പെടാത്തവനോ, രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതപ്പെടാത്തവനോ ആയ യാതൊരാളും ഈ സംസ്ഥാനത്തെ യാതൊരു സർക്കാർ വിദ്യാലയത്തിലാകട്ടെ, സ്വകാര്യ വിദ്യാലയത്തിലാകട്ടെ അദ്ധ്യാപകനായി നിയമിതനാകുന്നതിന് അർഹതയുള്ളവനായിരിക്കുന്നതല്ല.

13. <u>സാഹായ്യിത വിദ്യാലയങ്ങളിലെ അദ്ധ്യാപകനിയമനം.</u>

(1) സാഹായ്യിത വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകരെയും മാനേജർ നിയമിക്കേണ്ടതും, അപ്രകാരം ചെയ്യുന്നത് ആവശ്യത്തിനു നൽകപ്പെട്ട പേരുകളുടെ പട്ടികയിൽനിന്നും, നിർണ്ണയിക്കപ്പെട്ട അധികാരസ്ഥൻ നിർണ്ണയിക്കുന്ന വിധത്തിലും മാത്രമായിരിക്കേണ്ടതും ആകുന്നു.

14. <u>സാഹായ്യിത വിദ്യാലയാദ്ധ്യാപകന്മാർക്ക് പെൻഷനും മററ് ആനുകൂല്യങ്ങളും.</u>—(1) ഗവണ്മെന്റിന്റെ കീഴിൽ ജോലിനോക്കുന്ന അദ്ധ്യാപകർക്ക് പ്രയോജ്യമായ പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, ഇൻഷ്വറൻസ് എന്നിവ സംബന്ധിച്ചുള്ള ഏതൊരു പദ്ധതിയും, യുക്തമെന്നു തോന്നുന്ന നിബന്ധനകൾക്കു വിധേയമായും, ഭേദഗതികളോടുകൂടിയും ഗവണ്മെന്റിനു, സാഹായ്യിത വിദ്യാലയങ്ങളിൽ ജോലിനോക്കുന്ന അദ്ധ്യാപകർക്ക്, ഗസററിൽ വിജ്ഞാപനംമൂലം, ബാധകമാക്കിത്തീർക്കാവുന്നതാണ്.

(2) അങ്ങനെയുള്ള പദ്ധതികൾക്ക് വല്ല സംഖ്യയും അംശദാനം നൽകുവാൻ മാനേജുമെന്റ് ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല.

15. <u>വ്യയന്യൂനീകരണത്താൽ പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർക്കു ജോലി നൽകൽ</u> —പഠനക്രമമോ, അദ്ധ്യാപനപദ്ധതിയോ, അത്തരം മററു സംഗതികളോ, സംബന്ധിച്ച്, ഗവണ്മെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ ഫലമായി ഏതെങ്കിലും സാഹായ്യിത വിദ്യാലയത്തിൽ വല്ല അദ്ധ്യാപകന്മാരെയും പിരിച്ചുവിടുന്നത് ആവശ്യകമായിത്തീരുന്നപക്ഷം, നിർണ്ണയിക്കപ്പെട്ട അധികാരസ്ഥനു മറെറതെങ്കിലും സാഹായ്യിത വിദ്യാലയത്തിലെ മാനേജരോട് അത്തരം അദ്ധ്യാപകന്മാരെ ആ വിദ്യാലയത്തിൽ

ഉണ്ടാകുന്ന തരം ഒഴിവുകളിൽ നിയമിക്കേണ്ടതെന്ന് നിർദ്ദേശിക്കാവുന്നതും, മാനേജർ ആ നിർദ്ദേശങ്ങളനുസരിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

16. വിദ്യാലയങ്ങളുടെ മാനേജ്മെൻറ് ഏറെറടുക്കൽ.—

(1) ഏതെങ്കിലും സംഹായ്യിത വിദ്യാലയത്തിൻെറ മാനേജർ ഈ ആക്ടിനാലോ, ആക്ടിൻപ്രകാരമോ അല്ലെങ്കിൽ അതുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാലോ, ചട്ടങ്ങൾപ്രകാരമോ ചുമത്തപ്പെട്ട കൃത്യങ്ങളിൽ വല്ലതും നിർവ്വഹിപ്പാൻ ഉപേക്ഷ കാണിച്ചിട്ടുണ്ടെന്നും, പൊതുജനതാൽപര്യം മുൻനിറുത്തി അഞ്ചു കൊല്ലത്തിൽ കവിയാത്ത ഒരു കാലഘട്ടത്തേക്ക് പ്രസ്തുത വിദ്യാലയത്തിൻെറ മാനേജ്മെൻറ് ഏറെറടുക്കേണ്ടത് ആവശ്യമാണെന്നും ഗവണ്മെൻറിന് തോന്നുമ്പോഴെല്ലാം, ഉദ്ദിഷ്ട നടപടിക്കെതിരായി കാരണം കാണിപ്പാൻ ന്യായമായ അവസരം മാനേജർക്ക് നൽകുകയും വല്ല കാരണവും കാണിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പററി പര്യാലോചിക്കുകയും ചെയ്തശേഷം, പൊതുതാൽപര്യാർത്ഥം ആ കാലഘട്ടത്തേക്ക് അങ്ങനെ ഏറെറടുക്കുന്നത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്നതായാൽ അവർക്ക് അങ്ങനെ ചെയ്യാവുന്നതാകുന്നു.

(2) അടിയന്തിരഘട്ടങ്ങളിൽ അങ്ങനെയുള്ള നടപടി ആവശ്യമാണെന്ന് ഗവണ്മെൻറിന് ബോദ്ധ്യമാകുന്നപക്ഷം, 1-ാം ഉപവകുപ്പുപ്രകാരമുള്ള യാതൊരു നോട്ടീസും മാനേജർക്ക് നൽകാതെ, ആ ആവശ്യത്തിലേക്ക് ഒരു വിജ്ഞാപനം ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനു ശേഷം ഏതൊരു വിദ്യാലയത്തിൻെറയും മാനേജ്മെൻറ് അവർക്ക് ഏറെറടുക്കാവുന്നതാകുന്നു.

(3) ഈ വകുപ്പുപ്രകാരം വല്ല സംഹായ്യിത വിദ്യാലയത്തിൻെറയും മാനേജ്മെൻറ് ഏറെറടുക്കുന്നതു സംബന്ധിച്ച് ആവശ്യകമോ യുക്തമോ ആകുന്ന തങ്ങൾക്കു തോന്നുന്ന കൂടുതൽ ഉത്തരവുകളും ഗവണ്മെൻറിന് പുറപ്പെടുവിക്കാവുന്നതാകുന്നു.

(4) ഈ വകുപ്പുപ്രകാരം വല്ല വിദ്യാലയവും ഏറെറടുക്കുന്ന പക്ഷം, ബന്ധപ്പെട്ട വ്യക്തിക്കോ, വ്യക്തികൾക്കോ ആ ഭൂവസ്തുക്കൾക്ക് ആ പ്രദേശത്ത് നടപ്പിലുള്ള വാടക നിരക്കുകൾ പരിഗണിച്ച് കലക്ടർ നിശ്ചയിക്കാവുന്ന വാടക ഗവണ്മെൻറ് കൊടുക്കേണ്ടതാകുന്നു.

എന്നാൽ ഗവണ്മെൻറ് നൽകിയ ധനസഹായം കൊണ്ടോ, ഗവണ്മെൻറ് നൽകിയ വല്ല ധനദാനവും (ഗ്രാൻറ്) വിനിയോഗിക്കുകയോ, മാററുകയോ ചെയ്തുകൊണ്ടോ വിദ്യാലയാവശ്യങ്ങൾക്കായി വല്ല വസ്തുവും ആർജ്ജിക്കുകയോ, ഉണ്ടാക്കുകയോ, ഉൽക്കർഷപ്പെടുത്തുകയോ, നില നിറുത്തുകയോ ചെയ്തിട്ടുള്ള പക്ഷം കലക്ടർ അങ്ങനെയുള്ള ധനസഹായത്തിൻെറയോ, ധനദാനത്തിൻെറയോ സംഖ്യ കണക്കിലെടുത്തതിനു ശേഷം വാടക നിശ്ചയിക്കേണ്ടതാകുന്നു.

(5) (4)-ാം ഉപവകുപ്പുപ്രകാരം വാടക നിശ്ചയിച്ചുകൊണ്ട് ജില്ലാ കലക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ പരാതിയുള്ള ഏതൊരു വ്യക്തിക്കും, ഏതു ജില്ലാക്കോടതിയുടെ അധികാരക്ഷേത്രത്തിനുള്ളിലാണോ വിദ്യാലയം സ്ഥിതി ചെയ്യുന്നത് ആ കോടതിയിൽ ആ ഉത്തരവിൻെറ

തിയതി മുതൽ അറുപതു ദിവസത്തിനകം നിർണ്ണയിക്കപ്പെട്ടവിധം, അപ്പീൽ ബോധിപ്പിക്കാവുന്നതും, കോടതിയുടെ തീർപ്പ് അവസാനത്തേതായിരിക്കുന്നതും ആകുന്നു.

(6) ഈ വകുപ്പുപ്രകാരം ഏറ്റെടുക്കപ്പെട്ട സ്കൂൾ സർക്കാരിലേക്കെടുക്കുന്നത് (റിക്വസിഷൻ ചെയ്യുന്നത്) പൊതു താല്പര്യാർത്ഥം ആവശ്യമാണെന്ന് ഗവണ്മെന്റിനു ബോദ്ധ്യപ്പെടുന്ന പക്ഷം അവർ അങ്ങനെ ചെയ്യുന്നതു് നിയമാനുസൃതമായിരിക്കുന്നതും, അങ്ങനെ ചെയ്യുന്ന സംഗതിയിൽ, നഷ്ടപരിഹാരം കൊടുക്കുവാൻ 17-ാം വകുപ്പിൽ നിശ്ചയിച്ച തത്വങ്ങളനുസരിച്ച് നഷ്ടപരിഹാരം കൊടുക്കേണ്ടതുമാകുന്നു.

17. ഏതു തരത്തിൽപെട്ട വിദ്യാലയങ്ങളും സർക്കാരിലേക്കെടുക്കുവാനുള്ള അധികാരം.—(1) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസം പ്രമാണീകരിക്കുന്നതിനോ, ഏതെങ്കിലും പ്രദേശത്തെ സാക്ഷരതാ നിലവാരം ഉൽക്കർഷപ്പെടുത്തുന്നതിനോ, ഏതെങ്കിലും പ്രദേശത്തെ സഹായിത വിദ്യാസ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമായവണ്ണം നടത്തുന്നതിനോ, ഏതെങ്കിലും തരത്തിൽപ്പെട്ട വിദ്യാഭ്യാസം തങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുന്നതിനോ പൊതുതാൽപര്യാർത്ഥം അങ്ങിനെ ചെയ്യുന്നതു് ആവശ്യമാണെന്ന് ഗവണ്മെന്റിനു ബോദ്ധ്യമാകുന്ന പക്ഷം അവർക്ക് ഏതെങ്കിലും നിർദ്ദിഷ്ട പ്രദേശത്തോ, പ്രദേശങ്ങളിലോ ഉള്ള ഏതു തരത്തിൽപ്പെട്ട സഹായിതവിദ്യാലയവും ഗസറ്റ് വിജ്ഞാപനംമൂലം അതിൽ പറയുന്ന ഏതെങ്കിലും തിയതി മുതൽക്ക് ഏറ്റെടുക്കാവുന്നതും, അങ്ങിനെയുള്ള വിദ്യാലയങ്ങൾ ആ വിജ്ഞാപനത്തിൽ പ്രഖ്യാപിക്കുന്ന തിയതി മുതൽ തികച്ചും സർക്കാരധീനത്തിലാവുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പു പ്രകാരം വല്ല വിദ്യാലയവും സർക്കാരധീനത്തിലാകുന്ന പക്ഷം അവകാശപ്പെട്ട വ്യക്തികൾക്ക് വിജ്ഞാപനത്തിയതിക്കുള്ള അതിന്റെ വിപണിവിലയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കൊടുക്കേണ്ടതാണ്.

എന്നാൽ ഗവണ്മെന്റ് നൽകിയ ധനസഹായം കൊണ്ടോ, ഗവണ്മെന്റ് നൽകിയ വല്ല അനുദാനവും വിനിയോഗിക്കുകയോ, മാറ്റുകയോ ചെയ്തുകൊണ്ടോ, വിദ്യാലയാവശ്യങ്ങൾക്കായി വല്ല വസ്തുവും ആർജ്ജിക്കുകയോ, ഉണ്ടാക്കുകയോ, ഉൽക്കർഷപ്പെടുത്തുകയോ, നിലനിറുത്തുകയോ ചെയ്തിട്ടുള്ള പക്ഷം കൊടുക്കേണ്ടതായ നഷ്ടപരിഹാരം വിപണിവിലയിൽ നിന്ന് അങ്ങിനെയുള്ള ധനസഹായത്തിന്റെയോ, അനുദാനത്തിന്റെയോ സംഖ്യ കിഴിച്ചതിനുശേഷം നിശ്ചയിക്കേണ്ടതാകുന്നു.

എന്നുതന്നെയുമല്ല, ജംഗമവസ്തുക്കളുടെ കാര്യത്തിൽ, കൊടുക്കേണ്ട നഷ്ടപരിഹാരം, വിജ്ഞാപനത്തിയതിക്കുള്ള അതിന്റെ വിപണിവിലയോ, അവമൂല്യനം (ഡിപ്രിസിയേഷൻ) കഴിച്ചുള്ള അതിന്റെ യഥാർത്ഥ വിലയോ—ഏതാണോ കുറവ്—അതായിരിക്കേണ്ടതാകുന്നു.

(3) നഷ്ടപരിഹാരസംഖ്യയും, അതിന് അവകാശപ്പെട്ട വ്യക്തികൾക്കിടയിലുള്ള അതിന്റെ വിഭജനവും, നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങളനുസരിച്ച് ജില്ലാ കലക്ടർ തീരുമാനിക്കേണ്ടതാകുന്നു.

(4) ജില്ലാകലക്ടരുടെ ഉത്തരവിൽ പരാതിയുള്ള ഏതൊരു വ്യക്തിക്കും, ഏതു ജില്ലാക്കോടതിയുടെ അധികാരക്ഷേത്രത്തിനുള്ളിലാണോ

വിദ്യാലയം സ്ഥിതിചെയ്യുന്നതു് ഏതു കോടതിയിൽ ആ അവാർഡിന്റെ തീയതി മുതൽ അറുപതു ദിവസത്തിനകം, നിർണ്ണയിക്കപ്പെട്ടവിധം, അപ്പീൽ ബോധിപ്പിക്കാവുന്നതും, ജഡ്ജിയുടെ തീർപ്പു് അവസാനത്തേതായിരിക്കുന്നതുമാണു്.

18. പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങളുടെ സൃഷ്ടി:—

(1) വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിൽ ജനങ്ങളെക്കൂടി സഹകരിപ്പിക്കുന്നതിനും, വിദ്യാഭ്യാസകാര്യങ്ങളിൽ തദ്ദേശജനങ്ങൾക്കുള്ള താൽപര്യം പരിരക്ഷിച്ചു് ഉദ്ദീപിപ്പിക്കുന്നതിനും ഗവണ്മെന്റിനു്, ഗസറ്റിൽ വിജ്ഞാപനംമൂലം, ആ വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന ഏതെങ്കിലും പ്രാദേശികസ്ഥലത്തോ സ്ഥലങ്ങളിലോ ക്ഷേത്രാധികാരം വിനിയോഗിക്കുവാൻ സംസ്ഥാനത്തു് പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങൾ സ്ഥാപിക്കാവുന്നതാണു്.

(2) വിദ്യാഭ്യാസരംഗം പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങളും, വിദ്യാലയങ്ങളുടെ പരിശോധന, നിയന്ത്രണം, മേൽനോട്ടം എന്നിവ സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പും നടത്താവുന്നതാണെന്നു് ഗവണ്മെന്റിനു് നിർദ്ദേശിക്കാവുന്നതാണു്.

(3) ഏതെങ്കിലും പ്രദേശത്തു് പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനം സംവിധാനം ചെയ്യുകയും ആ പ്രദേശത്തെ വിദ്യാഭ്യാസത്തിന്റെ ഭരണം ആ അധികൃതസ്ഥാനത്തെ ഏൽപ്പിക്കുകയും ചെയ്യുന്നതു് ആ പ്രദേശത്തെ വിദ്യാലയങ്ങളിലെ അധ്യാപകരുടെ അവകാശങ്ങൾ, വിശേഷാധികാരങ്ങൾ, ബാധ്യതകൾ, ഉത്തരവാദിത്വം എന്നിവയെ ബാധിക്കുകയോ, കാലുഷ്യപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

19. അംഗീകൃതവിദ്യാലയങ്ങൾ—5, 6, 7, 8, 9, 16, 17 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ, അവ സഹായമുള്ള വിദ്യാലയങ്ങൾക്കു പ്രയോജ്യമാകുന്നിടത്തോളവും പ്രയോജ്യമാകുന്ന വിധത്തിലും അംഗീകൃത വിദ്യാലയങ്ങൾക്കും പ്രയോജ്യമാകുന്നതാണു്.

ഭാഗം 2.

നിർബന്ധിത വിദ്യാഭ്യാസം

20. ഭാഗത്തിന്റെ പ്രയുക്തി—ഈ ഭാഗം.

(i) 1121-ലെ, തിരുവിതാംകൂർ പ്രാഥമിക വിദ്യാഭ്യാസ ആക്റ്റിലെയോ, 1123-ലെ 11-ാമതു കൊച്ചി സംസ്ഥാന നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ ആക്റ്റിലെയോ, 1920-ലെ മദ്രാസ് പ്രാഥമിക വിദ്യാഭ്യാസ ആക്റ്റിലെയോ വ്യവസ്ഥകൾ ഉർജ്ജിതത്തിലാക്കിയിട്ടുള്ള പ്രദേശങ്ങളിലും;

(ii) ഗസറ്റിൽ വിജ്ഞാപനംമൂലം ഗവണ്മെന്റു് നിശ്ചയിക്കാവുന്ന മറ്റേതെങ്കിലും പ്രദേശത്തും പ്രയോജ്യമാകുന്നതാണു്.

21. നിർവ്വചനങ്ങൾ.—ഈ ഭാഗത്തിൽ, സന്ദർഭം മറ്റു പ്രകാരം ആവശ്യപ്പെടുന്നില്ലെങ്കിൽ—

(i) "നിർബന്ധിത മേഖല" എന്നതിന് ഈ ഭാഗം പ്രയോജ്യമാകുന്ന ഒരു പ്രദേശമെന്ന് എന്നർത്ഥമാകുന്നു.

(ii) "കുട്ടി" എന്നതിന് അദ്ധ്യയന വർഷാരംഭത്തിൽ, നിർണ്ണയിക്കപ്പെടാവുന്ന വിധമുള്ള വയസ്സുകൾക്കിടയ്ക്കുള്ള ആൺകുട്ടി അഥവാ പെൺകുട്ടി എന്നർത്ഥമാകുന്നു.

(iii) "രക്ഷാകർത്താവ്" എന്നതിൽ പിതാവും (മാതാവും), കുട്ടിയെ യഥാർത്ഥത്തിൽ സംരക്ഷിച്ചുപോരുന്ന ഏതെങ്കിലും വ്യക്തിയും ഉൾപ്പെടുന്നു.

(iv) "വിദ്യാലയത്തിൽ ഹാജരാവുക" എന്നതിന്, വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടുകൂടി അതതു പ്രദേശത്തെ പ്രാദേശിക വിദ്യാഭ്യാസകമ്മിറ്റി നിർണ്ണയിക്കാവുന്ന വിദ്യാലയങ്ങളിൽ, നിർണ്ണയിക്കാവുന്ന ദിവസങ്ങളിൽ, നിർണ്ണയിക്കാവുന്ന സമയത്തും അല്ലെങ്കിൽ സമയങ്ങളിലും, നിർണ്ണയിക്കാവുന്നപ്രകാരം ഓരോ ദിവസവുമുള്ള കാലഘട്ടത്തിലും (പീരിയഡ്) അല്ലെങ്കിൽ കാലഘട്ടങ്ങളിലും അദ്ധ്യയനാർത്ഥം മുറതെറ്റാതെ ഹാജരാകുക എന്നർത്ഥമാകുന്നു.

(v) "പ്രാദേശികവിദ്യാഭ്യാസക്കമ്മിറ്റി" എന്നാൽ 22-ാം വകുപ്പുപ്രകാരം സംവിഹിതമായ കമ്മിറ്റി എന്നർത്ഥമാകുന്നു.

22. <u>പ്രാദേശിക വിദ്യാഭ്യാസകമ്മിറ്റി</u>—(1) ഓരോ നിർബന്ധിത മേഖലയ്ക്കും അഥവാ നിർബന്ധിത മേഖലയുടെ ഏതൊരുവിഭാഗത്തിനും ഗവണ്മെന്റ് ഒരു പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റി ഏർപ്പെടുത്തേണ്ടതാണ്.

(2) നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും, കാലത്തേക്കും കമ്മിറ്റി സംവിധാനം ചെയ്യപ്പെടേണ്ടതാണ്.

23. <u>പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റിയുടെ പ്രവർത്തനം</u>—(1) വിദ്യാലയങ്ങളിലെ ഹാജർ സംബന്ധിച്ച് ഈ ഭാഗത്തിലെ വ്യവസ്ഥകൾ നിർബന്ധപൂർവ്വം നടപ്പാക്കുകയും, കുട്ടികൾക്ക് ജോലി വല്ലതുമുണ്ടെങ്കിൽ അത് സർക്കാർ വിദ്യാലയങ്ങളിലോ സ്വകാര്യ വിദ്യാലയങ്ങളിലോ അവർ ഹാജരാകുന്നതിന് പ്രതിബന്ധമാകുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നത് പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റിയുടെ കർത്തവ്യമായിരിക്കുന്നതാണ്.

(2) പ്രാദേശികവിദ്യാഭ്യാസക്കമ്മിറ്റിക്ക്, അതിന്റെ ഏതെങ്കിലും അധികാരങ്ങളും കർത്തവ്യങ്ങളും ഏതെങ്കിലും സബ്കമ്മിറ്റിക്കോ, അംഗത്തിനോ അംഗങ്ങൾക്കോ ഏല്പിച്ചുകൊടുക്കാവുന്നതാണ്. ആ കമ്മിറ്റിയോ അംഗമോ പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റി അപ്പപ്പോൾ നൽകിയേക്കാവുന്ന ഏതു നിർദ്ദേശവും അനുസരിക്കേണ്ടതാണ്. കമ്മിറ്റിക്ക് ഏതവസരത്തിലും അപ്രകാരം രൂപവൽക്കരിക്കപ്പെട്ട ഏതെങ്കിലും സബ്കമ്മിറ്റി നിറുത്തൽ ചെയ്യുകയോ, അതിന്റെ സംവിധാനത്തിന് മാറ്റം വരുത്തുകയോ അല്ലെങ്കിൽ അപ്രകാരം ഏൽപ്പിച്ചുകൊടുക്കപ്പെട്ട അധികാരങ്ങളിലോ, കർത്തവ്യങ്ങളിലോ വല്ലതും പിൻവലിക്കുകയോ ചെയ്യാവുന്നതാണ്.

24. <u>കുട്ടികളെ വിദ്യാലയത്തിലയയ്ക്കുവാൻ രക്ഷാകർത്താവിന്നുള്ള ചുമതല</u>—ഏതൊരു നിർബന്ധിത മേഖലയിലും ഓരോ കുട്ടിയുടെയും

രക്ഷിതാവ്, ആ രക്ഷിതാവ് ആ പ്രദേശത്താണ് സാധാരണമായി അധിവസിക്കുന്നതെങ്കിൽ, ആ കുട്ടി ഒരു സർക്കാർ വിദ്യാലയത്തിലോ സ്വകാര്യ വിദ്യാലയത്തിലോ ഹാജരാകുന്നതിന് ഇടയാക്കേണ്ടതും, ഈ ആക്റ്റ് പ്രകാരം ഒരിക്കൽ ഒരു കുട്ടിയെ അപ്രകാരം ഒരു വിദ്യാലയത്തിൽ ഹാജരാക്കിച്ചാൽ, പ്രാഥമികവിദ്യാഭ്യാസത്തിന്റെ ചര്യ (കോഴ്സ്) മുഴുവനും പൂർത്തിയാക്കുവാൻ ആ കുട്ടി നിർബന്ധിതനാവുകയും, പതിനാല് വയസ്സ് തികയുന്നതുവരെ വിദ്യാലയത്തിൽ ഹാജരാകുവാൻ നിർബന്ധിതനാവുകയും ചെയ്യേണ്ടതുമാകുന്നു.

25. <u>ഹാജരിൽ നിന്ന് ഒഴിവാക്കൽ</u>—ഈ ആക്റ്റ് പ്രകാരം ഒരു നിർദ്ദിഷ്ടകാലത്തേക്കോ, എല്ലാക്കാലത്തേക്കുമോ, വിദ്യാലയത്തിൽ നിർബ്ബന്ധപൂർവ്വം ഹാജരാകുന്നതിൽ നിന്ന് ഒരു കുട്ടിയെ—

(i) മതപരമായ കാരണങ്ങളാലോ, സാമൂഹ്യാചാരങ്ങളാലോ അവരണ്ടിനാലും;

(ii) (എ) സർക്കാർ വിദ്യാലയത്തിലോ സ്വകാര്യവിദ്യാലയത്തിലോ അല്ലാതെ ആ കുട്ടിക്ക്, പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റി അംഗീകരിച്ച ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ ശിക്ഷണം ലഭിച്ചുകൊണ്ടിരിക്കുമ്പോഴോ;

(ബി) പ്രാദേശികവിദ്യാഭ്യാസക്കമ്മിറ്റിയുടെ അഭിപ്രായത്തിൽ കാര്യക്ഷമമെന്ന് കരുതപ്പെടുന്നവിദ്യാഭ്യാസം കുട്ടിക്ക് മറ്റുപ്രകാരം ലഭിച്ചുകൊണ്ടിരിക്കുകയോ അല്ലെങ്കിൽ അതിന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിക്കഴിഞ്ഞുവെന്നുള്ളതിന് പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റിയിൽ നിന്ന് ഒരു സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കുകയോ ചെയ്യുമ്പോഴോ;

(സി) അസ്വാസ്ഥ്യമോ, രോഗമോ, പരുക്കോ, ക്ലേശമോ, ദൗർബ്ബല്യമോകൊണ്ടോ, ഈ ആവശ്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി പ്രാദേശികവിദ്യാഭ്യാസക്കമ്മിറ്റി പര്യാപ്തമെന്നു കണക്കാക്കുന്ന മറ്റുവല്ല കാരണംകൊണ്ടോ, വിദ്യാലയത്തിൽ ഹാജരാകുന്നതിന് അസാദ്ധ്യമായിരിക്കുമ്പോഴോ, അഥവാ ഹാജരാകുന്നത് അനുചിതമായിരിക്കുമ്പോഴോ,

(ഡി) കുട്ടിയുടെ താമസസ്ഥലത്തുനിന്ന് ഏറ്റവും അടുത്തുള്ള റോഡിലൂടെ ഒരു നാഴിക ദൂരത്തിനുള്ളിൽ ആ കുട്ടിക്ക് ഹാജരാകാൻ കഴിയുന്ന സർക്കാർ വിദ്യാലയമോ, സ്വകാര്യവിദ്യാലയമോ ഇല്ലാതിരിക്കുമ്പോഴോ; പ്രാദേശികക്കമ്മിറ്റിക്ക് ഒഴിവാക്കാവുന്നതാണ്.

26. <u>ബാദ്ധ്യതാനിർവ്വഹണത്തിലുള്ള വീഴ്ചയും ഇടപെടലിനും താക്കീത്</u>:—(1) ഈ ആക്റ്റ് സംബന്ധിച്ചും, 24-ാം വകുപ്പ് പ്രകാരം ഏതെങ്കിലും കുട്ടിയെ സർക്കാർ വിദ്യാലയത്തിലോ സ്വകാര്യ വിദ്യാലയത്തിലോ ഹാജരാക്കാൻ ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യുന്ന, ആ കുട്ടിയുടെ രക്ഷിതാവ് അപ്രകാരം ചെയ്യുവാൻ വീഴ്ചവരുത്തുകയോ, രക്ഷിതാവല്ലാത്ത മറ്റാരെങ്കിലും ഏതെങ്കിലും ജോലിയോട് ബന്ധപ്പെട്ട്, പ്രതിഫലത്തോടുകൂടിയോ അല്ലാതെയോ, ഒരു കുട്ടിയുടെ സമയമോ സേവനമോ സർക്കാർ വിദ്യാലയത്തിലോ സ്വകാര്യവിദ്യാലയത്തിലോ ആ കുട്ടി ഹാജരാകുന്നതിന് പ്രതിബന്ധമാകത്തക്കവിധത്തിൽ

ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നതായി പ്രാദേശിക വിദ്യാഭ്യാസ കമ്മിററിക്ക് വിശ്വസിക്കാൻ കാരണമുണ്ടായാൽ, ആയാൾ അയാളെ രേഖാമൂലം താക്കീതു ചെയ്യേണ്ടതും, താക്കീതു കിട്ടി രണ്ടാഴ്ചക്കകം അയാൾ ആ കുട്ടിയെ വിദ്യാലയത്തിൽ ഹാജരാക്കുകയോ, മുൻപറഞ്ഞപോലെ ആ കുട്ടിയുടെ സേവനം ഉപയോഗപ്പെടുത്തുന്നതിൽനിന്ന് വിരമിക്കയോ ചെയ്യാൻ അതിൽ ആവശ്യപ്പെട്ടിരിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പ്രസ്താവിച്ച താക്കീതിനുശേഷവും ഒരു രക്ഷിതാവ് തന്റെ കുട്ടിയെ വിദ്യാലയത്തിൽ ഹാജരാക്കിട്ടില്ലെന്നോ, ആരെങ്കിലും കുട്ടി അപ്രകാരം വിദ്യാലയത്തിൽ ഹാജരാകുന്നതിന് പ്രതിബന്ധം ഉണ്ടാക്കുന്നുവെന്നോ പ്രാദേശികവിദ്യാഭ്യാസകമ്മിററിക്ക് ബോദ്ധ്യപ്പെട്ടാൽ, പ്രാദേശികവിദ്യാഭ്യാസകമ്മിററിയോ, കമ്മിററി അധികാരപ്പെടുത്തിയ ഏതെങ്കിലും അംഗമോ അപ്രകാരമുള്ള രക്ഷിതാവിന്റെയോ മററു വ്യക്തിയുടെയോ പേരിൽ, സ്ഥലത്ത് ക്ഷേത്രാധികാരമുള്ള ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ ഒരു പരാതി ബോധിപ്പിക്കേണ്ടതാണ്.

(3) പരാതി ശരിയായ അടിസ്ഥാനമുള്ളതാണെന്ന് മജിസ്ട്രേട്ടിന് ബോദ്ധ്യപ്പെട്ടാൽ, ബന്ധപ്പെട്ട കുട്ടിയെ ഒരു നിർദ്ദിഷ്ട തീയതിക്കുശേഷം യഥായോഗ്യം മുറതെററാതെ വിദ്യാലയത്തിൽ ഹാജരാക്കണമെന്നോ, കുട്ടിയുടെ ഹാജരിന് പ്രതിബന്ധമുണ്ടാക്കുന്നതിൽ നിന്ന് വിരമിക്കണമെന്നോ രക്ഷിതാവിനെയോ മററു വ്യക്തിയെയോ നിർദ്ദേശിച്ചുകൊണ്ട് ഒരു ഉത്തരവ് അദ്ദേഹം പാസ്സാക്കേണ്ടതാണ്. രക്ഷിതാവോ മററു വ്യക്തിയോ, ആ ഉത്തരവ് അനുസരിക്കുന്നതിൽ വീഴ്ചവരുത്തുന്ന എങ്കിൽ കുററസ്ഥാപനത്തിന്മേൽ അയാൾ, ആദ്യത്തെ കുററത്തിന് പത്തു രൂപയിലും തുടർന്നുള്ള ഓരോ കുററത്തിനും ഇരുപതു രൂപയിലും കവിയാത്ത പിഴയ്ക്ക് വിധേയനാകുന്നതാണ്.

27. <u>കുട്ടികളെ ജോലികൾ നിർത്തുകയോ വിദ്യാലയത്തിൽ അവർ ഹാജരാവുന്നതു തടസ്സപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള ശിക്ഷ</u>:- 26-ാം വകുപ്പു പ്രകാരം നൽകപ്പെട്ട താക്കീതിനുശേഷവും സർക്കാർ വിദ്യാലയത്തിലോ, സ്വകാര്യവിദ്യാലയത്തിലോ ഒരു കുട്ടി ഹാജരാകുന്നതിന് തടസ്സം വരത്തക്കനിലയിൽ, രക്ഷിതാവല്ലാത്ത ആരെങ്കിലും ആ കുട്ടിയുടെ സമയമോ, സേവനമോ പ്രതിഫലത്തോടുകൂടിയോ, അല്ലാതെയോ ഏതെങ്കിലും ജോലിസംബന്ധിച്ച് ഉപയോഗപ്പെടുത്തിയാൽ അയാൾ, ആദ്യത്തെ കുററത്തിന് പതിനഞ്ച് രൂപയിൽ കവിയാതെയും, തുടർന്നുള്ള ഓരോ കുററത്തിനും മുപ്പതു രൂപയിൽ കവിയാതെയുമുള്ള പിഴയ്ക്ക് വിധേയനാകുന്നതാണ്.

28. <u>ഫീസ്സ് യാതൊന്നും വസൂലാക്കാൻ പാടില്ലെന്നും, ചില സംഗതികളിൽ സൗജന്യമായി പുസ്തകങ്ങളും മററും നൽകണമെന്ന്</u>:—

(1) യാതൊരു വിദ്യാർത്ഥിയും ഏതെങ്കിലും സർക്കാർ വിദ്യാലയത്തിലോ, സ്വകാര്യവിദ്യാലയത്തിലോ പ്രാഥമിക ഘട്ടങ്ങളിൽ (പ്രൈമറി ക്ലാസ്സുകളിൽ) ഏതെങ്കിലും ശിക്ഷണത്തിന് യാതൊരു ഫീസ്സും കൊടുക്കേണ്ടതില്ല.

(2) ഭക്ഷണം കൊടുക്കുവാനോ, പുസ്തകങ്ങളും ലേഖനസാമഗ്രികളും വാങ്ങിക്കൊടുക്കുവാനോ കഴിയാത്തവിധം രക്ഷിതാക്കൾ [illegible] പാവപ്പെട്ടവരായിരുന്നാൽ, പ്രാദേശികവിദ്യാഭ്യാസകമ്മിററി ഉപ[illegible]

ചെയ്യുന്നെങ്കിൽ, ഗവണ്മെന്റിനു് അപ്രകാരമുള്ള രക്ഷിതാക്കളുടെ കുട്ടികൾക്കു്, വിദ്യാലയത്തിൽ കുട്ടികൾ ഹാജരാവുന്ന ദിവസങ്ങളിൽ സൗജന്യമായി ഉച്ചഭക്ഷണവും, വിലകൂടാതെ ആവശ്യമായ പുസ്തകങ്ങളും, ലേഖനസാമഗ്രികളും കൊടുക്കുവാൻ ഏർപ്പാടുചെയ്യാവുന്നതാണ്.

29. പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റികളുടെ ആഫീസുകളും, പുസ്തകങ്ങളും, കണക്കുകളും പരിശോധിക്കൽ:— (1) നിർണ്ണയിക്കപ്പെടാവുന്നവിധത്തിൽ പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റി പുസ്തകങ്ങളും, കണക്കുകളും, രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്.

(2) ഓരോ പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റി ആഫീസും, പുസ്തകങ്ങളും, കണക്കുകളും ഗവണ്മെന്റിന്റെ പരിശോധനയ്ക്കു വിധേയമായിരിക്കേണ്ടതാണ്.

ഭാഗം 3.

പലവക.

30. ദണ്ഡവിമുക്തി:— ഈ ആക്റ്റ്പ്രകാരം ഉത്തമവിശ്വാസമായി ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യത്തിനോ, ഈ ആക്റ്റിലെ വ്യവസ്ഥകളോ അതുപ്രകാരമുള്ള ചട്ടങ്ങളോ നിറവേറ്റുന്നതിൽ ഉത്തമവിശ്വാസത്തോടുകൂടി നിർവ്വഹിച്ച ഏതെങ്കിലും നടപടിമൂലം നേരിട്ട വല്ല നഷ്ടത്തിനോ ഗവണ്മെന്റിനെതിരായോ, ഏതെങ്കിലും അധികാരസ്ഥനോ, ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായോ യാതൊരു വ്യവഹാരവും, പ്രോസിക്യൂഷനും, അഥവാ മറ്റ് നൈയാമിക നടപടികളും നടത്തുവാൻ പാടില്ലാത്തതാകുന്നു.

31. കോടതികൾ നിരോധനാജ്ഞ അനുവദിക്കരുതെന്നു്:—1908-ലെ സിവിൽ നടപടി നിയമത്തിലോ, തൽക്കാലം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റുപ്രകാരം എടുത്തുവരുന്നതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും നടപടി നിറുത്തിവയ്ക്കുന്നതിനു് യാതൊരു കോടതിയും സ്ഥിരമോ താൽക്കാലികമോ ആയ ഏതെങ്കിലും നിരോധനം അനുവദിക്കുകയോ, ഏതെങ്കിലും ഇടക്കാലഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

32. അധികാരദാനം:— ഏതെങ്കിലും പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനത്തിനോ, വിദ്യാഭ്യാസ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഈ ആക്റ്റുമൂലം ഗവണ്മെന്റിൽ നിക്ഷിപ്തമായിട്ടുള്ളതും, 16, 17, 34, എന്നീ വകുപ്പുകൾപ്രകാരമുള്ളവ ഒഴികെയുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ ഗസറ്റിൽ വിജ്ഞാപനംമൂലം ഗവണ്മെന്റ് ഏല്പിച്ചുകൊടുക്കുകയും, അപ്രകാരം ഏല്പിച്ചുകൊടുത്ത വല്ല അധികാരവും പിൻവലിക്കുകയും ചെയ്യുന്നതു് നിയമാനുസൃതമായിരിക്കുന്നതാണ്.

33. വൈഷമ്യങ്ങൾ നീക്കംചെയ്യൽ:— ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ വല്ല വൈഷമ്യവും നേരിട്ടാൽ, വൈഷമ്യം ദൂരീകരിക്കുന്നതിനു് ആവശ്യമോ, യുക്തമോ ആണെന്നു് തോന്നുന്ന വ്യവസ്ഥകൾക്കു് വിരുദ്ധമല്ലാത്ത ഏതു കൃത്യവും ഗവണ്മെന്റിനു് ഉത്തരവുമൂലം ചെയ്യാവുന്നതാണ്.

34. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം:—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുവാനാവശ്യമായ ചട്ടങ്ങൾ ഗവൺമെന്റിന് ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, പൂർവ്വോക്തമായ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും അപ്രകാരമുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന വസ്തുതകൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്:—

(എ) വിദ്യാലയങ്ങളുടെ സ്ഥാപനവും, സംരക്ഷണവും.
(ബി) സ്വകാര്യവിദ്യാലയങ്ങൾക്ക് സഹായം നല്കൽ.
(സി) സ്വകാര്യവിദ്യാലയങ്ങൾക്ക് അംഗീകാരം നല്കൽ.

(ഡി) അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ ഉൾപ്പെടെ അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനു വേണ്ട യോഗ്യതകൾ.

(ഇ) അദ്ധ്യാപകന്മാരുടെ സ്റ്റേറ്റ് രജിസ്റ്റർ സൂക്ഷിക്കലും, അപ്രകാരമുള്ള രജിസ്റ്റർ ഏത് രീതിയിലും ഏത് അധികാരസ്ഥനാലും സൂക്ഷിക്കപ്പെടേണ്ടതെന്ന് നിർണ്ണയിക്കുകയും ചെയ്യുക.

(എഫ്) വിദ്യാലയങ്ങളിൽ കണക്കുകളും, രജിസ്റ്ററുകളും, റിക്കാർഡുകളും സൂക്ഷിക്കേണ്ടവിധവും, അവയുടെ സൂക്ഷിപ്പിന് ഉത്തരവാദപ്പെട്ട അധികാരസ്ഥനെയും നിശ്ചയിക്കൽ.

(ജി) വിദ്യാലയങ്ങളിലെ മാനേജർമാർ സമർപ്പിക്കേണ്ട റിട്ടേണുകളും, സ്റ്റേറ്റ്മെന്റുകളും, റിപ്പോർട്ടുകളും, കണക്കുകളും.

(എച്ച്) വിദ്യാലയങ്ങളുടെ പരിശോധനയും, പരിശോധന നടത്തേണ്ട അധികാരസ്ഥന്മാരും.

(ഐ) വിദ്യാലയങ്ങളിലെ കണക്കുകൾ സൂക്ഷിക്കുകയും ആഡിറ്റ് ചെയ്യുകയും ചെയ്യേണ്ടവിധം.

(ജെ) ഏറ്റെടുക്കപ്പെടുന്ന സംഗതികളിൽ നഷ്ടപരിഹാരം നൽകുന്നതിന് വിദ്യാലയങ്ങളുടെ വില നിർണ്ണയിക്കപ്പെടേണ്ട വിധം.

(കെ) വിദ്യാഭ്യാസത്തിന്റെ മാനദണ്ഡവും, പഠനക്രമങ്ങളും.

(എൽ) പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങളുടെ സൃഷ്ടിയും, അധികാരങ്ങളും, പ്രവർത്തനവും.

(എം) നിർണ്ണയിക്കപ്പെടുവാൻ ഈ ആക്റ്റ് മുഖേന വ്യക്തമായി ആവശ്യപ്പെട്ടിട്ടുള്ളതോ, അനുവദിക്കപ്പെട്ടിട്ടുള്ളതോ ആയ എല്ലാ കാര്യങ്ങളും.

35. ചട്ടങ്ങൾ നിയമസഭാസമക്ഷം വയ്ക്കണമെന്ന്:—ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന എല്ലാ ചട്ടങ്ങളും, അവ ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, പതിനാല് ദിവസത്തിൽ കുറയാതെയുള്ള കാലത്തേയ്ക്ക് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിൽ അവ അങ്ങനെ വയ്ക്കപ്പെടുന്നുവോ ആ സമ്മേളനത്തിൽ നിയമസഭ വരുത്താവുന്ന ഭേദഗതികൾക്ക് അവ വിധേയമായിരിക്കേണ്ടതുമാകുന്നു.

36. റദ്ദാക്കൽ:—1121-ലെ തിരുവിതാംകൂർ പ്രാഥമിക വിദ്യാഭ്യാസ ആക്റ്റും, 1123-ലെ 11-ാമത് കൊച്ചി സൗജന്യ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ ആക്റ്റും, 1956-ലെ സംസ്ഥാന പുനഃ

സംഘടനം ആക്ടിലെ (1956-ലെ 37-ാം കേന്ദ്ര ആക്ട്) 5-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയിൽ ഉൾക്കൊണ്ടിരിക്കുന്ന 1920-ലെ മദിരാശി, പ്രാഥമിക വിദ്യാഭ്യാസ ആക്ടും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഉദ്ദേശകാരണ വിവരണം.

കേരളസംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം കുറേക്കൂടി മെച്ചമായി സംഘടിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യാനും അതിന് നിയമവ്യവസ്ഥാപിതമായ അടിസ്ഥാനം സൃഷ്ടിക്കുവാനും ഉദ്ദേശിക്കുന്നു. ഈ ആവശ്യം നിറവേററുവാനാണ് ഈ ബിൽകൊണ്ടുദ്ദേശിക്കുന്നത്.

സാമ്പത്തികക്കുറിപ്പ്.

വിദ്യാഭ്യാസപരമായി നിലവിലുള്ള സമ്പ്രദായങ്ങൾക്കും, തത്വങ്ങൾക്കും നിയമവ്യവസ്ഥാപിതമായ അടിസ്ഥാനം സൃഷ്ടിക്കുന്നതിന് ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നു. ആ നിലയിൽ, രണ്ടു വകുപ്പുകൾ ഒഴികെ—വകുപ്പുകൾ 16-ഉം 17-ഉം കൂടുതലായ യാതൊരു സാമ്പത്തിക ബാധ്യതയ്ക്കും ഇടയാക്കുന്നതല്ല. 16-ാം വകുപ്പു പ്രകാരം ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള നടപടിയുടെ സാമ്പത്തിക വശങ്ങൾ എത്രയെന്ന് കണക്കാക്കുവാൻ പ്രയാസമുണ്ട്. 1957-58-ൽ ഒരു ജില്ലയിലെ എല്ലാ പ്രാഥമിക വിദ്യാലയങ്ങളും ഏറ്റെടുക്കുകയെന്നതാണുദ്ദേശം. വർത്തമാന വർഷത്തെ ബഡ്ജറ്റിൽ ഇതിലേക്ക് 5 ലക്ഷം ഉറുപ്പിക വകകൊള്ളിച്ചിരിക്കുന്നു. 17-ാം വകുപ്പിൽ അടങ്ങിയ നിർദ്ദേശം നടപ്പാക്കുന്നതിനു വേണ്ടിവരുന്ന അധികച്ചെലവ് ആഭ്യന്തരമായ ധനപുനർവിനിയോഗംമൂലം നേരിടാൻ സാധിക്കുന്നതാണ്.

ജോസഫ് മുണ്ടശ്ശേരി.

Gazette No. 29 dated 16th July 1957.

PART II

(1957-ലെ 15-ാം നമ്പർ എൽ. എ. ബിൽ)

പരസ്യം.

നമ്പർ എൽ. എ. 4—914/57.

തിരുവനന്തപുരം, 1957 ജൂലായ് 11

ഈ അസംബ്ലിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെ പറയുന്ന ബിൽ, ഉദ്ദേശകാരണവിവരണവും, സാമ്പത്തികക്കുറിപ്പും സഹിതം, സ്പീക്കറുടെ അനുവാദാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

വി. കൃഷ്ണമൂർത്തി,
സെക്രട്ടറി, ലെജിസ്ലേറ്റീവ്
അസംബ്ലി.

ലെജിസ്ലേച്ചർ സെക്രട്ടറിയേററ്.

1957-ലെ കേരളസ്വകാര്യവന (ഭരണാധിഗ്രഹണ) ബിൽ.

ഒരു ക്ലിപ്തകാലത്തേയ്ക്ക്, സ്വകാര്യവനങ്ങളുടെ ഭരണം ഏറെറടുക്കുന്നതിനു വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ

പീഠിക.—പൊതു താൽപര്യം മുൻനിറുത്തിയും, സ്വകാര്യവനങ്ങളുടെ ശരിയായ ഭരണം സാദ്ധ്യമാക്കുന്നതിനു വേണ്ടിയും, കേരളസംസ്ഥാനത്തെ സ്വകാര്യവനങ്ങളുടെ ഭരണം ക്ലിപ്തകാലത്തേയ്ക്ക് ഗവണ്മെന്റ് ഏറെറടുക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നതു യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.—

ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്റ്റിന് 1957-ലെ, കേരളസ്വകാര്യവന (ഭരണാധിഗ്രഹണ) ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിനു കേരളസംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3). ഇത് ഉടനടി ഉൽപ്രാബല്യത്തിൽ വരുന്നതാണ്.

2. പ്രയുക്തി.—ഈ ആക്റ്റ് കേരളസംസ്ഥാനത്തുള്ളതും, ഒരേട്ടു കിടക്കുന്ന 100 ഏക്കറിൽ കവിഞ്ഞുള്ള പ്രദേശം ഉൾക്കൊള്ളുന്നതുമായ സ്വകാര്യവനങ്ങൾക്ക് പ്രയോഗ്യമാകുന്നതാണ്.

വിശദീകരണം.—100 ഏക്കറിൽ കവിഞ്ഞ വിസ്തീർണ്ണത്തോടു കൂടിയ ഒരു സ്വകാര്യവനം, ഡിസ്ട്രിക്റ്റ് കളക്റ്ററുടെ അനുവാദത്തോടുകൂടിയോ, അല്ലാതെയോ അതിന്റെ ഒരു ഭാഗത്തു വൃക്ഷങ്ങളെ, കുററിച്ചെടികളെ വെട്ടിയിരിക്കുന്നുവെന്നോ, അല്ലെങ്കിൽ ഭൂമികൾ കൃഷി ചെയ്തിരിക്കുന്നുവെന്നോ, പാറകളോ, നദികളോ, കുളങ്ങളോ, റോഡുകളോ, മററോ നിലവിലുണ്ടെന്നോ ഉള്ള കാരണം കൊണ്ടുമാത്രം അങ്ങനെയല്ലാതായിത്തീരാത്തതും, അങ്ങനെയുള്ള വനപ്രദേശം മേൽ പറഞ്ഞ പരിതഃസ്ഥിതികൾ ആകമാനമോ, ഏതെങ്കിലുമോ നിലവിലുണ്ടെന്ന കാരണം കൊണ്ടുമാത്രം ഒരേട്ടു കിടക്കുന്നതല്ലാതായിത്തീരാത്തതുമാകുന്നു.

G.2489

3. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിന് മററു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—(1) "വനം" എന്നതിൽ വൃക്ഷങ്ങളും മററു ചെടികളും ഉള്ള തരിശുഭൂമിയും അഥവാ ഉഴവുഭൂമിയും കൂടാതെ, മേച്ചൽ ഭൂമിയും, ഗസററിൽ പരസ്യം മൂലം വനമെന്ന് ഗവൺമെൻറ് പ്രഖ്യാപിക്കുന്ന മററതെങ്കിലും തരത്തിൽപ്പെട്ട ഭൂമിയും ഉൾപ്പെടുന്നു;

(2) ഒരു വനത്തെ സംബന്ധിച്ചിടത്തോളം "ഉടമസ്ഥൻ" എന്നതിൽ വനം കൈവശം വെയ്ക്കുന്നതിനും അനുഭവിക്കുന്നതിനും അവകാശമുള്ള ഒരു പണയക്കാരനോ, പാട്ടക്കാരനോ, മററു വ്യക്തിയോ ഉൾപ്പെടുന്നതാകുന്നു;

(3) "വ്യക്തി" എന്നതിൽ ഒരു അവിഭക്ത ഹിന്ദുകുടുംബമോ, ഒരു മരുമക്കത്തായ തറവാടോ, താവഴിയോ; അല്ലെങ്കിൽ ഒരു അളിയസന്താനകുടുംബമോ, ശാഖയോ, ഉൾപ്പെടുന്നതാകുന്നു;

(4) "നിർണ്ണയിക്കപ്പെട്ട" എന്നതിന് ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

4. സ്വകാര്യവനങ്ങളുടെ ഭരണം ഏറെറടുക്കൽ.—(1) ഈ ആക്റ്റ് പ്രയോജ്യമാകുന്ന ഏതെങ്കിലും സ്വകാര്യവനത്തിന്റെ ഭരണം, പൊതുതാൽപ്പര്യം മുൻനിറുത്തിയോ, അങ്ങനെയുള്ള സ്വകാര്യവനത്തിന്റെ ശരിയായ ഭരണം സാദ്ധ്യമാക്കുവാൻ വേണ്ടിയോ, ഏറെറടുക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെൻറിനു തോന്നുമ്പോഴെല്ലാം, അവർക്ക് അതിലേയ്ക്ക് ഒരു പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്താവുന്നതാകുന്നു. പരസ്യത്തിന്റെ പകർപ്പുകൾ വനം കൈവശം വച്ചിരിക്കുന്ന വ്യക്തിക്കും, അതിൽ അവകാശബന്ധമുണ്ടെന്ന് അറിയപ്പെട്ടിട്ടുള്ളവരോ, വിശ്വസിക്കപ്പെട്ടിട്ടുള്ളവരോ, ആയ എല്ലാ വ്യക്തികൾക്കും അയച്ചുകൊടുത്ത് നടത്തിക്കേണ്ടതാണ്;

(2) അങ്ങനെയുള്ള വനത്തിൽ അവകാശബന്ധമുള്ള ഏതു വ്യക്തിക്കും, പരസ്യം പുറപ്പെടുവിച്ചതിനുശേഷം, പതിനഞ്ചു ദിവസത്തിനുള്ളിൽ, വനത്തിന്റെ ഭരണം ഏറെറടുക്കുന്നതിനെപ്പററി, ആക്ഷേപം പുറപ്പെടുവിക്കാവുന്നതാണ്. അങ്ങനെയുള്ള ആക്ഷേപങ്ങൾ രേഖാമൂലമായിരിക്കേണ്ടതും, ഗവൺമെൻറിനു നേരിട്ട് ബോധിപ്പിക്കുകയോ, രജിസ്റ്റർ തപാൽമാർഗ്ഗം അയയ്ക്കുകയോ, ചെയ്യേണ്ടതുമാകുന്നു.

(3) (2)-ാം ഉപവകുപ്പുപ്രകാരം ആക്ഷേപങ്ങൾ വല്ലതും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അവ പര്യാലോചിച്ചതിനുശേഷം, സ്വകാര്യവനത്തിന്റെ ഭരണം, പൊതുതാൽപ്പര്യം മുൻനിറുത്തിയോ, അതിന്റെ ശരിയായ ഭരണം സാദ്ധ്യമാക്കുവാൻ വേണ്ടിയോ, ഏറെറടുക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെൻറിനു ബോദ്ധ്യമായാൽ, അവർക്ക് രേഖാമൂലമുള്ള ഉത്തരവിനാൽ, അഞ്ചുവർഷത്തിൽ കവിയാത്തതും ഉത്തരവിൽ വ്യവച്ഛേദിച്ചിരിക്കാവുന്നതുമായ കാലത്തേയ്ക്ക്, വനത്തിന്റെ ഭരണം ഏറെറടുക്കാവുന്നതും, അങ്ങനെ ഏറെറടുക്കലിനെ സംബന്ധിച്ച് ആവശ്യമെന്നോ യുക്തമെന്നോ, തങ്ങൾക്കു തോന്നുന്ന കൂടുതൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാകുന്നു.